(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ചെറുതും വലുതുമായ ആയിരത്തി ഒരുന്നൂറോളം പദ്ധതികളിലൂടെയാണ് ഇപ്പോൾ കുടിവെള്ളം നൽകി വരുന്നത്. ശുദ്ധമായ കുടിവെള്ളം കൂടുതൽ ജനങ്ങളിലെത്തിക്കുക എന്നതാണ് ടി കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്. കൂടുതൽ ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ വിവിധ തലങ്ങളിലായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ലക്ഷ്യമിട്ടുകൊണ്ട് മിഷൻ 676-ൽ ഉൾപ്പെടുത്തി 154 കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പദ്ധതികളിൽ നാളിതു വരെ 49 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജലനിധി പദ്ധതിക്കുകീഴിൽ ലോകബാങ്ക് ധനസഹായത്തോടെ അഞ്ചര വർഷത്തെ കാലാവധിയിൽ സമയബന്ധിതമായി പൂർത്തീകരിക്കേണ്ട കുടിവെള്ള-ശുചിത്വ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതിലൂടെ ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിൽ ഇരുപത് ലക്ഷം ഗ്രാമീണ ജനതയ്ക്ക് മെച്ചപ്പെട്ട ശുദ്ധജല ലഭ്യതയും ശുചിത്വ സംവിധാനങ്ങളും എത്തിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കൂടുതൽ ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങളുണ്ടെങ്കിൽ അത് നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ മേൽനോട്ടത്തിലും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

കുടിവെള്ള സ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുന്നതിനുള്ള നടപടികൾ

258 (947) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ ത്രിതല പഞ്ചായത്ത് ഭരണ സമിതികൾ അധികാരമേറ്റ സാഹചര്യത്തിൽ അവരുമായി കൂടിയാലോചിച്ച് പുതിയ പദ്ധതിക്ക് രൂപം നൽകുമോ;

(സി) നദികളിലും തടാകങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ വിപുലമായ അധികാരങ്ങളോടെ നദീതട അതോറിറ്റിക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിലേക്കെത്തുന്ന പാഴ്ജലം സ്രോതസ്സുകളിൽത്തന്നെ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായ സ്ഥാപനങ്ങളെയും ആശുപത്രികളെയും ഉത്തുംഗ കെട്ടിടങ്ങളെയും കൊണ്ടുവരികയും അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയപരിധിയിൽ എത്തിച്ചശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശവും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർഷിക്കുകയും ചെയ്യുവരുന്നു. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ബോർഡിന്റെ ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും, വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, തടാക സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് നിലനിർത്തി ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ചെക്ക് ഡാം/റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ള ഇടങ്ങളിൽ നദീതീര സംരക്ഷണം എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.

(ബി) പുതിയ പദ്ധതികൾക്കുള്ള രൂപം നൽകിയിട്ടില്ല.

(സി) സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന വിപുലമായ അധികാരങ്ങളുള്ള 'സംസ്ഥാന നദീ-തണ്ണീർതട അതോറിറ്റി' രൂപീകരണം സംബന്ധിച്ച ബിൽ തയ്യാറാക്കി, കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് - 2003 ഭേദഗതിയിലൂടെ നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ സൊസൈറ്റീസ് ആക്ട് പ്രകാരം പരിസ്ഥിതി വകുപ്പിന്റെ കീഴിൽ തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly